(സി) വേതനം നൽകുന്നില്ല, ഓണറേറിയമാണ് നൽകുന്നത്. പഞ്ചായത്ത് നഗരസഭാ ഭാരവാഹികളുടെ ഓണറേറിയവും അലവൻസുകളും സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) വിവരം ശേഖരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ആഡിറ്റും ലോക്കൽ ഫണ്ട് ആഡിറ്റും

89 (487) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം നിലിവിൽ വന്നതിനുശേഷം എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ആഡിറ്റും ലോക്കൽ ഫണ്ട് ആഡിറ്റും പൂർത്തിയാക്കിയിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) ആഡിറ്റ് നടത്തിയ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് വീഴ്ചകൾ കണ്ടെത്തിയത് ;

(സി) ഇതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജനകീയാസൂത്രണം നിലവിൽ വന്നശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് 1997-98-ൽ 656 തദ്ദേശഭരണ സ്ഥാപനങ്ങളിലും 1998-99-ൽ 371 തദ്ദേശ സ്ഥാപനങ്ങളിലും 1999-2000-ൽ 84 തദ്ദേശസ്ഥാപനങ്ങളിലും ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. പെർഫോമൻസ് ആഡിറ്റ് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി&സി)) വിവരങ്ങൾ സമാഹരിച്ചുവരുന്നു.

ചിറ്റുമലചിറ പദ്ധതിയുടെ പണി

90 (488) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ചിറ്റുമലചിറ പദ്ധതിയുടെ നടത്തിപ്പിന് ഗ്രാമവികസന വകുപ്പ് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്ര ;

(സി) ഇതിന്റെ പണി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന്റെ പണി എന്നത്തേയ്ക്കു ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചിറ്റുമലചിറ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ആർ.ഐ.ഡി.എഫിൽ പരിഗണിക്കുന്നതിനുവേണ്ടി ആയത് നബാർഡിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 10.4 കോടി രൂപ.

(സി) നബാർഡിൽ നിന്നുമുള്ള അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) നബാർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുവാൻ കഴിയും.

ഒഴിവുവന്ന തസ്തികകളുടെ വിവരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

91 (489) ശ്രീ. എം. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ തസ്തികയിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഈ വകുപ്പിൽ ഒഴിവുവന്ന ഡ്രൈവർ തസ്തികകളുടെ എണ്ണം പി.എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഗ്രാമവികസന ബോർഡിൽ പി.എസ്. സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് തീയതി സഹിതം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം, എന്നീ ജില്ലകളിൽ സ്ഥിരം ജീവനക്കാർ ഇല്ലാത്ത 32 ഡ്രൈവർ തസ്തികകളിൽ ഒരെണ്ണത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും 31 തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇടുക്കി ജില്ലയിലേയും ഗ്രാമവികസന കമ്മീഷണറേറ്റിലെയും വേക്കൻസികൾ പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഗ്രാമവികസന ബോർഡിൽ ഡ്രൈവർ തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷം ഒഴിവുകളൊന്നും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ബോർഡിൽ ഡ്രൈവർ തസ്തികയിൽ ഒഴിവുകൾ ഒന്നും നിലവിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly